**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനികവൽകരിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഴയ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം ആവശ്യമായ അറ്റകുറ്റ പണികളും നവീകരണ പ്രവൃത്തികളും നടത്തി വരുന്നു. വിവിധ ഐ.റ്റി.ഐ.കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളിലും ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.റ്റി.ഐ.കളിലും കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും കാലഘട്ടത്തിന് അനുയോജ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ പഴയ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതോടൊപ്പം ആവശ്യമായ അറ്റകുറ്റ പണികളും നവീകരണ പ്രവൃത്തികളും നടത്തി വരുന്നു. വിവിധ ഐ.റ്റി.ഐ.കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ |

| | | | |
|---|---|---|---|
| | | | സജ്ജീകരിയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.കളിലും ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. അതോടൊപ്പം വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.റ്റി.ഐ.കളിലും കെ.ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാദ്ധ്യത ഒരുക്കുന്നതിനായി സംസ്ഥാനതലത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിച്ചിക്കുകയും വിവിധ തൊഴിൽ സ്ഥാപനങ്ങളും, ഉദ്യോഗാർത്ഥികളും പ്രസ്തുത തൊഴിൽ മേളകളിൽ പങ്കെടുക്കുകയും സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി വിവിധ സ്ഥാപനങ്ങളിൽ ജോലിയ്ക്കായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് 19 അതിവ്യാപനത്തിന്റെ സാഹചര്യത്തിൽ പരിമിതിയുണ്ടായിരുന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനതലത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ തൊഴിൽ സാധ്യത ഒരുക്കുന്നതിന് നടപടി സ്വീകരിക്കാൻ വേണ്ട നിർദേശം ബന്ധപ്പെട്ട ഐ.റ്റി.ഐ ട്രെയിനിംഗ് സൂപ്രണ്ടിനും പ്രിൻസിപ്പൽമാർക്കും നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ പഠനം പൂർത്തീകരിച്ച പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യപരിശീലനം നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ നിന്ന് വിജയകരമായി പരിശീലനം പൂർത്തീകരിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി Tool Kit നൽകുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 5700/-രൂപ സ്റ്റൈപ്പെന്റ് നിരക്കിൽ ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന ട്രെയിനിംഗ് കം |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെന്റ്/അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ